# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 876 13/06/2012 ൽ മറുപടിക്ക്

## ജനസൗഹൃദ മൃഗശാലകൾ

ചോദ്യം

ശ്രീ. റ്റി.എൻ. പ്രതാപൻ
ശ്രീ. എം. പി. വിൻസെന്റ്
ശ്രീ.പാലോട് രവി
ശ്രീ. ഹൈബി ഈഡൻ

ഉത്തരം

കുമാരി പി.കെ. ജയലക്ഷ്മി
(ബഹു. പട്ടികവർഗ്ഗക്ഷേമവും
യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മൃഗശാലകൾ ജന സൗഹൃദമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; | (എ) | മൃഗശാലാ ജനസൗഹൃദമാക്കുന്നതിനായി ഒരു ഇൻഫർമേഷൻ കൗണ്ടർ കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നു. ഇൻഫർമേഷൻ കൗണ്ടർ വഴി സന്ദർശകരുടെ സംശയങ്ങൾ ദൂരീകരിക്കുകയും, നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. പ്രകൃതിയുമായി ഇണങ്ങി ചേരുന്ന വിധത്തിൽ ഉപയോഗശൂന്യമായ തടികൾ സന്ദർശകർക്ക് ഇരിപ്പിടമായി സജ്ജമാക്കി. സന്ദർശകർക്ക് കുടിവെള്ളം ലഭിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തി. കൂടാതെ മൃഗശാലയ്ക്കകത്ത് ഒരു കോഫി ഷോപ്പ് പ്രവർത്തിച്ച് വരുന്നു. സന്ദർശകർക്കായി ഇ-ടോയ് ലറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആവശ്യമുള്ളവർക്ക് വീൽചെയർ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | മൃഗശാലകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നകാര്യം ആലോചിക്കുമോ ; | (ബി) & (സി) | മൃഗശാലാ സന്ദർശകർക്ക് കുടിവെള്ളം ലഭിക്കുന്നതിനായി വാട്ടർ കൂളറുകൾ സ്ഥാപിച്ചിട്ടുണ്ട്. സന്ദർശകരുടെ വർദ്ധനവ് കണക്കിലെടുത്ത് കൂടുതൽ വാട്ടർ കൂളറുകൾ സ്ഥാപിക്കുന്നതാണ്. ആവശ്യമുള്ള സന്ദർ ശകർക്കായി വീൽ ചെയറുകൾ നൽകി വരുന്നു.സന്ദർശകർക്കായി ക്ലോക്ക് റൂം സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മൃഗശാലയിൽ കൂടുതൽ ശൗചാലയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | മൃഗശാല സന്ദർശിക്കുന്നവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനെ കുറിച്ച് ആലോചിക്കുമോ ? | | |

സെക്ഷൻ ഓഫീസർ